LIBRARY ARCHIVES Kerala Legislative Assembly

**തീരദേശ പാർപ്പിട പദ്ധതി**

288 (976) ശ്രീ. എ. എം. ആരിഫ് :

ശ്രീ. ബി. സത്യൻ :

ശ്രീ. കെ. ജെ. മാക്സി :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര തീരദേശ പാർപ്പിട പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പശ്ചാത്തല സൗകര്യ വികസനത്തിനായി ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കുമോ;

(സി) തീരദേശ നിയന്ത്രണ മേഖലാപ്രഖ്യാപനം തീരദേശത്തെ വികസന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാനായി എന്തുചെയ്യാൻ ഉദ്ദേശിക്കുന്നെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനും ഭൂരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2-3 സെന്റ് വരെ ഭൂമി വാങ്ങുന്നതിനും സ്വന്തമായി ഭവനം നിർമ്മിക്കുന്നതിനും 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. ആദ്യഘട്ടമായി 100 കോടി രൂപയുടെ സമഗ്ര പദ്ധതി 2016-17-ൽ നടപ്പാക്കുന്നതാണ്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ തീരദേശ റോഡ് ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യ വികസനത്തിന് ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രതിനിധികളുടെ ഒരു ആലോചനാ യോഗം ചേരുവാനുദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിയുടെ തുടക്കമെന്ന നിലയിൽ നടപ്പുസാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) 2011-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികളടക്കമുള്ള തീരദേശ വാസികൾക്ക് ഭവനം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലൈസൻസ് ലഭിക്കുന്നതിനും മറ്റും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. തീരദേശവാസികൾ അനുഭവിക്കുന്ന ഇത്തരം പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉതകുന്ന തരത്തിൽ 2011-ലെ വിജ്ഞാപനത്തിൽ ഇളവുകൾ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് ഒരു ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേരളം സമർപ്പിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ തുടർന്നുവരുന്നു.

**മത്സ്യ സംസ്കരണവും വിപണനവും**

289(977) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ സംസ്കരണത്തിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) മുൻ സർക്കാർ പ്രഖ്യാപിച്ച "കോൾഡ് ചെയിൻ" പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) മത്സ്യ സംസ്കരണത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സമഗ്ര കോസ്റ്റൽ മാനേജ്മെന്റ് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ?

**ഉത്തരം**

(എ) മത്സ്യസംസ്കരണത്തിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദമായ വിലയിരുത്തൽ നടത്താനുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly